പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 815.

13-06-2012-ൽ മറുപടിയ്ക്ക്

## തൊഴിൽ രംഗത്തെ അരക്ഷിതാവസ്ഥ

**ചോദ്യം**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി:

**ഉത്തരം**

ശ്രീ.ഷിബുബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ രംഗത്ത് സമാധാനവും സുരക്ഷയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(എ) തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശങ്ങൾ, എറണാകുളം ജില്ല എന്നിവയെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് മുൻകൈ എടുത്ത് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ വീട്ടുപകരണങ്ങൾ അടക്കമുള്ള സാധനങ്ങളുടെ കയറ്റിറക്ക് കൂലി നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിവരം ലഭിക്കുന്നതിനും പരാതി ഉന്നയിക്കുന്നതിനുമുള്ള സൗജന്യ ടെലിഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തൊഴിൽ മേഖലകളിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി വിവിധ നിയമപ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നടപടി എടുത്തുവരുന്നുണ്ട്. എന്നാൽ തൊഴിൽ ചൂഷണം വ്യാപകമാകുന്നു എന്ന പരാതി ലഭിക്കുന്ന തൊഴിൽ മേഖലകളിൽ വിവിധ തലത്തിലുള്ള സ്ക്വാഡ് രൂപീകരിച്ച് പ്രത്യേക പരിശോധന നടത്തുന്നുണ്ട്. വിവിധ തൊഴിൽ മേഖലകളിൽ ഐ.ആർ.സി.കളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേയ്ക്കുള്ള വരവ് തൊഴിൽ രംഗത്ത് എന്തെല്ലാം പ്രതികരണങ്ങൾ സൃഷ്ടിക്കുന്നുവെന്നും അത്തരം തൊഴിലാളികളുടെ സുരക്ഷിതത്വവും തൊഴിലാളികളിൽ ചിലരുടെ കുറ്റവാസനകൾ തൊഴിൽ രംഗത്ത് സൃഷ്ടിക്കുന്ന വിവിധ പ്രശ്നങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വിശകലനം ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേക്കുള്ള വരവ്, നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നു. ടി വിഭാഗക്കാരുടെ സുരക്ഷ തൊഴിലുടമകൾ ഉറപ്പു വരുത്തുന്നുണ്ടോ എന്നറിയുന്നതിനായി ജോലി സ്ഥലങ്ങളിൽ സ്ക്വാഡ് പരിശോധന നടത്തിവരുന്നുണ്ട്. ടി തൊഴിലാളികൾ, പലപ്പോഴും മോഷണം, അടിപിടി തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി പത്രമാധ്യമങ്ങളിൽ വന്നിട്ടുണ്ട്.

(സി) തൊഴിൽ രംഗത്തെ അനാവശ്യ പ്രവണതകളായ നോക്കുകൂലി, ഭൂതപ്പണം എന്നിവ തടയുന്നതിൽ എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ ഇടപെട്ട് അത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് മുൻകൈ എടുത്ത് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ വീട്ടുപകരണങ്ങൾ അടക്കമുള്ള സാധനങ്ങളുടെ കയറ്റിറക്ക് കൂലി നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം വകുപ്പ് (9)-ൽ തന്നെ നൽകിയ കൂലിക്ക് ചുമട്ടു തൊഴിലാളി രസീത് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് പ്രസിദ്ധീകരിച്ച കൂലിനിരക്കുകൾ പ്രകാരം, എസ്.ബി.റ്റി.യിലോ അടുത്തുള്ള ക്ഷേമനിധിയുടെ ഓഫീസിലോ തുക അടച്ച് തൊഴിലാളികളെക്കൊണ്ട് നിർണ്ണയിക്കപ്പെട്ട കൂലിക്ക് ലോഡ് ഇറക്കുന്നതിനുള്ള സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ ഫാറങ്ങൾ വെബ്സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഭൂതപ്പണം എന്ന സംവിധാനം കൊച്ചി തുറമുഖത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സംസ്ഥാന തൊഴിൽ വകുപ്പിന് ഇടപെടുന്നതിന് പരിമിതികളുണ്ട്.

സെക്ഷൻ ഓഫീസർ